Mathrubhumi
18.10.17

# ചക്കയിടാം താഴെനിന്ന്

സുരേഷ് മുതുകുളം



ഉയരമുള്ള പഴവൃക്ഷങ്ങളിൽനിന്ന് ഇനി അനായാസം വിളവെടുക്കാം. കൊമ്പുകൾ മുറിക്കാം. എല്ലാം നിലത്തുനിന്നുകൊണ്ടുതന്നെ. കൃഷിശാസ്ത്രം ഏറെ വളർന്നിട്ടും ഇന്നും എത്താക്കൊമ്പത്തുനിന്ന് ഫലങ്ങൾ കേടുപാടുകൂടാതെ വിളവെടുക്കാൻ പാകത്തിന് ഉപകരണങ്ങൾ വിരളം.

ഇവിടെയാണ് തൃശ്ശൂർ വടക്കാഞ്ചേരി ചിറ്റിലപ്പിള്ളി സി.ഡി. സെബാസ്റ്റ്യൻ എന്ന കർഷകൻെറ കണ്ടെത്തലുകൾ അനുഗ്രഹമാകുന്നത്. രണ്ട് ലഘുയന്ത്രങ്ങൾ സെബാസ്റ്റ്യൻ ഇതിനായി നിർമിച്ചു. സ്പ്രിങ് കട്ടറും പ്രൂണറും. മരത്തിൽ ഉറുമ്പിൻെറ ശല്യം, ഉയരക്കൂടുതൽ ഇവയാണ് പ്രശ്നമെങ്കിൽ സ്പ്രിങ് കട്ടർ മതി. 28 അടിവരെ ഉയരത്തിൽ അനായാസം വിളവെടുക്കാം. മാമ്പഴം, ചക്ക, കടച്ചക്ക, മുരിങ്ങക്ക എന്നുവേണ്ട എന്തും താഴെനിന്നുതന്നെ പറിച്ചെടുക്കാം. ഈറ്റ, മുളന്തോട്ടി, അലൂമിനിയം പൈപ്പ്, പ്ലാസ്റ്റിക് പൈപ്പ് മുതലായവ തോട്ടിക്കോലാക്കാം. നല്ല കനമുള്ള വലക്കണ്ണികളോടുകൂടിയ ഉറപ്പുള്ള വല വാങ്ങി അഞ്ചടി ഉയരത്തിൽ നാലുവശത്തേക്കും അയച്ചുകെട്ടിയാൽ എത്ര കനമുള്ള ചക്കയും താഴെവീഴാതെ പറിക്കാം.

മരക്കൊമ്പുകളുടെ വിരൽവണ്ണമുള്ള അഗ്രഭാഗം താഴെനിന്നുതന്നെ മുറിക്കാൻ 'പ്രൂണർ' ഉപയോഗിക്കാം. ഇതും 28 അടിവരെ ഉയരത്തിൽ പോകും. രണ്ടു ചെറിയ കപ്പികളിൽക്കൂടി ഒരു നൈലോൺ ചരട് താഴോട്ടുവലിക്കുമ്പോൾ അറ്റത്ത് ഉറപ്പിച്ച വളഞ്ഞ കത്തി ഒരു കത്രികപോലെ കൊമ്പ് മുറിക്കും. പ്രൂണറിന് 500 ഗ്രാമേ കനമുള്ളൂ. 20 അടി നീളൻ സ്റ്റീൽ പൈപ്പിനറ്റത്ത് കട്ടർ ആണിയിൽ ഉറപ്പിച്ച് ഉപയോഗിക്കാം.

മികച്ച ഈ കണ്ടെത്തലുകൾക്ക് സെബാസ്റ്റ്യന് ആത്മയുടെ അവാർഡും സ്റ്റേറ്റ് ഇന്നവേറ്റർ അവാർഡും ലഭിച്ചു. (ഫോൺ: 9048411509, 04884-232595).